LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ

173 (540) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയന്ത്രണത്തിൽ എത്ര സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) അവയിൽ എത്രയെണ്ണം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയന്ത്രണത്തിൽ 516 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് 10 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

പട്ടികജാതി/പട്ടികവർഗ്ഗ വായ്പാ കടിശ്ശിക ഒഴിവാക്കൽ

174 (541) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് എത്ര തവണ ഉത്തരവിറക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ എസ്. സി./ എസ്. ടി. വിഭാഗക്കാരുടെ വായ്പാകുടിശ്ശിക ഒഴിവാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക തിരിച്ചടവിൽനിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ലെങ്കിലും പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർ സഹകരണ സംഘങ്ങളിൽനിന്ന് എടുത്തിരുന്ന വായ്പകൾക്ക് കടാശ്വാസം അനുവദിച്ചുകൊണ്ട് രണ്ട് തവണ ഉത്തരവിറക്കിയിട്ടുണ്ട്.

(ബി) ഒന്നരലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 50,000 രൂപവരെയുള്ള കടബാദ്ധ്യത സർക്കാർ ഏറ്റെടുത്തും 10-12-2013-ലെ സ.ഉ. (അച്ചടി) 99/13/പജ.പവ.വിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതിലേക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് അർഹമായ തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതാണ്. ഒന്നര ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് 30-3-2015-ലെ സ.ഉ. (അച്ചടി) 24/15/പജ.പവ.വിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിനനുസൃതമായ പദ്ധതി സഹകരണ സംഘങ്ങളിൽ നടപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ വായ്പകൾക്കാണ് 30-3-2015-ലെ സ.ഉ. (അച്ചടി) 24/15/പജ.പവ. വിവ നമ്പർ ഉത്തരവ് പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യത്തിന് അർഹത നേടുന്നതിന് വായ്പക്കാരൻ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട വായ്പാസംഘങ്ങളിൽ ഹാജരാക്കേണ്ട സമയ പരിധിയും വായ്പാക്കാരന്റെ വിഹിതം സംഘത്തിൽ അടയ്ക്കേണ്ട സമയപരിധിയും 31-5-2015 എന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ആനുകൂല്യം പരമാവധി വായ്പക്കാർക്ക് ലഭ്യമാക്കുന്നതിനായി സമയപരിധി പിന്നീട് 31-8-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒന്നരലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 50,000 രൂപവരെയുള്ള കടബാദ്ധ്യത സർക്കാർ ഏറ്റെടുത്തും 10-12-2013-ലെ സ.ഉ. (അച്ചടി) 99/13/പജ.പവ.വിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതിലേക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട് അർഹതയുണ്ടെന്ന് കണ്ടെത്തിയ 2.64 കോടിരൂപ അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശം ആരാഞ്ഞിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അർഹമായ തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതാണ്.

(ഡി) നിലവിൽ എസ്. സി./എസ്. ടി. വിഭാഗക്കാരുടെ വായ്പാകുടിശ്ശിക ഒഴിവാക്കിക്കൊണ്ട് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ല.

കൺസ്യൂമർഫെഡ് അഴിമതി

175 (542) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ സ്ഥാനത്ത് നിന്ന് ശ്രീ. ജോയ് തോമസിനെ നീക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് ആരിൽ നിന്നെല്ലാം കത്തുകൾ ലഭിച്ചിട്ടുണ്ടായിരുന്നു ; വിശദമാക്കുമോ ;

(ബി) സർക്കാരിന് ലഭിച്ച കത്തുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പരാതികളുടെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, ഭരണസമിതിക്കെതിരെ സഹകരണ നിയമാനുസൃതം സ്വീകരിച്ച നടപടി എന്താണ് ; വിശദമാക്കാമോ ; ഇക്കാര്യത്തിലെ നിയമവ്യവസ്ഥകൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly